5430/19/HRD

**Kerala State Co-operative Consumers' Federation Ltd**
Regional Office, Mupparamannil Building, near Aban Jn., Pathanamthitta-689645
Tel: 0468-2220419, E-mail: consumerfedpta@gmail.com Website: www.consumerfed.net
CONSUMERFED

No. 121/ R.O-PTA/2019-20 dtd 18/05/2019

To

The Director
IHRD
Department of Technical Education
Thiruvananthapuram

34/20.5.19

Sir,

വിഷയം:- കൺസ്യൂമർഫെഡിൽ നിന്നും സാധനങ്ങൾ പർച്ചേസ് ചെയ്യുന്നത് സംബന്ധിച്ച്:-

കൺസ്യൂമർഫെഡിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവയുടെ ടെൻഡറുകളിൽ കൺസ്യൂമർഫെഡിനെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഒഴിവാക്കിയും ടെൻഡർ കൂടാതെ നേരിട്ട് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

ആയതിനാൽ സംസ്ഥാനത്തുടനീളമുള്ള IHRD യുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ ഗുണമേൻമയുള്ള ഭക്ഷ്യസാധനങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, കംപ്യൂട്ടർ ഫോമുകൾ രജിസ്റ്ററുകൾ. എന്നിവ കൺസ്യൂമർഫെഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള സഹായം ചെയ്തു തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ക്വട്ടേഷനുകൾ, ടെൻഡറുകൾ എന്നിവ കൂടാതെ കൺസ്യൂമർഫെഡിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിന് അനുവാദം ലഭിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

റീജിയണൽ മാനേജർ

Endorsement No PA5/5430/19/HRD Dated: 01.06.2019

Copy communicated to Heads of all associate institutions for information.

Sd/-
DIRECTOR

Approved for issue
Finance Officer

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ്- സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ മുതലായവയുടെ ടെണ്ടറുകളിൽ കൺസ്യൂമർഫെഡിനെ കൂടി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഒഴിവാക്കിയും കൺസ്യൂമർഫെഡിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും അനുമതി-സ്റ്റേഷനറി സാധനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.17/2019/സഹ.** **തീയതി, തിരുവനന്തപുരം, 05.04.2019**

---

പരാമർശം:- 1) സ.ഉ (കൈ)88/2010/സഹ തീയതി 16.11.2010

2) സഹകരണ സംഘം രജിസ്ട്രാറുടെ 16.03.2019 ലെ സി.എസ്.(1)/92380 നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ മുതലായവയുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് കൺസ്യൂമർഫെഡിനെ കൂടി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ടും കൺസ്യൂമർഫെഡിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് പുറമേ സ്റ്റേഷനറി സാധനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് ഫെഡറേഷന്റെ വ്യാപാര പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗുണകരമാകുമെന്ന് ബോധിപ്പിച്ച് ഇത് സംബന്ധിച്ച ശുപാർശ പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചു

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിന്റെ പരിധിയിൽ നിത്യോപയോഗ സാധനങ്ങൾക്കു പുറമെ സ്റ്റേഷനറി സാധനങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി.കെ.ഗോപകുമാർ,**

അണ്ടർ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം. (എല്ലാ ജില്ലാമൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾക്കും നൽകുന്നതിന്)
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, കൊച്ചി
പൊതുഭരണ (സീക്രട്ട് സെൽ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് വകുപ്പ്
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ (എ 3/379/2018/സഹ)/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ